(i) അക്കൗണ്ട്സ് ആഫീസർ—2
(2) സെക്ഷൻ ആഫീസർ—2
(3) സീനിയർ അക്കൗണ്ടൻറ്—1

(ബി) കാറ്റഗറി തിരിച്ച് അതോറിറ്റി നേരിട്ട് നിയമനം നടത്തിയവരുടെ വിവരം താഴെ ചേർക്കുന്നു.

	കാറ്റഗറി	എണ്ണം
(1)	അഡ്വൈസർ	1
(2)	സെക്രട്ടറി	1
(3)	ഫിനാൻസ് മാനേജർ ആൻറ് ചീഫ് അക്കൗണ്ട്സ് ആഫീസർ	1
(4)	അക്കൗണ്ട്സ് മാനേജർ	2
(5)	ചെയർമാൻറെ പ്രൈവറ്റ് സെക്രട്ടറി.	1
(6)	പബ്ലിക് റിലേഷൻസ് ആഫീസർ	1
(7)	ഡ്രൈവർ	4
(8)	പ്യൂൺ	22
(9)	എൽ. ഡി. ക്ലാർക്ക്	56
(10)	എൽ. ഡി. ടൈപ്പിസ്റ്റ്	14
(11)	കോൺഫിഡൻഷ്യൽ അസിസ്റ്റൻറ്	2
(12)	അസിസ്റ്റൻറ് ജിയോളജിസ്റ്റ്	1
(13)	അസിസ്റ്റൻറ് ജിയോളജിസ്റ്റ്	1

(സി) അഡ്വൈസറെ ഗവൺമെൻറ് അനുമതിയോടെ നിയമിച്ചു. സെക്രട്ടറിയെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ നിന്നും മാറ്റി നിയമിച്ചു. ഫൈനാൻസ് മാനേജർ ആൻറ് അക്കൗണ്ട്സ് മാനേജർ, അസിസ്റ്റൻറ് ജിയോളജിസ്റ്റ്, അസിസ്റ്റൻറ് ജിയോഫിസിസ്റ്റ് എന്നിവരെ ഇൻറർവ്യൂ നടത്തി നിയമിച്ചു. ചെയർമാൻറെ പ്രൈവറ്റ് സെക്രട്ടറി, പബ്ലിക് റിലേഷൻസ് ആഫീസർ എന്നിവരെ അതോറിറ്റി തുടങ്ങിയ അവസരത്തിൽ നിയമിച്ചു. യോഗ്യതയുള്ള അപേക്ഷകരിൽ നിന്ന് പ്യൂൺ, എൽ. ഡി. ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റൻറ്, ഡ്രൈവർ എന്നീ തസ്തികകളിലേയ്ക്ക് എഴുത്തു പരീക്ഷ മുഖേന്തിരമായും ചിലരെ ഇൻറർവ്യൂ നടത്തിയും അതോറിറ്റി നേരിട്ടും നിയമിച്ചു.

തിരുവനന്തപുരം മുതൽ മഞ്ചേശ്വരം വരെയുള്ള ജല പാത

274. [446] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മുതൽ മഞ്ചേശ്വരം വരെ 560 കിലോമീറ്റർ വരുന്ന ജലപാത 7-ാം പദ്ധതിയിൽപ്പെടുത്തി പണിയുന്നതിന് കേന്ദ്രാനുവാദം കിട്ടിയിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിനായി കേന്ദ്രം എത്ര സംഖ്യ അനുവദിച്ചു ;

(സി) ഈ സംഖ്യകൊണ്ട് ഏതു ഭാഗത്ത് പണി തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഈ പാതയുടെ പണി എന്നത്തേക്കു പരിപൂർണ്ണമായി തീരുമെന്നാണ് പ്രതീക്ഷിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. ഈ പദ്ധതി ഏറെറടുക്കാനുള്ള ഒരു നിവേദനം 1982 ഒക്ടോബറിൽ കേരള ജലസേചന വകുപ്പു മന്ത്രി കേന്ദ്ര ഷിപ്പിംഗ് ആൻറ് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിക്കു സമർപ്പിച്ചിട്ടുണ്ട്. ഇത് കേന്ദ്രഗവൺമെൻറിൻെറ പരിഗണനയിലാണ്. ഈ പദ്ധതി നാല് ഘട്ടങ്ങളായിട്ടാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം-കൊല്ലം, കൊല്ലം-കൊച്ചി, കൊച്ചി-ബെയ്പ്പൂർ, ബെയ്പ്പൂർ-മഞ്ചേശ്വരം എന്നീ നാല് മേഖലകൾക്കായി 145.27 കോടി രൂപ എസ്റിമേറ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ കൊല്ലം-കൊച്ചി മേഖലയ്ക്കുള്ള 6.18 കോടി രൂപാ ചിലവു വരുന്ന ഒരു പദ്ധതി കേന്ദ്രഗവൺമെൻറിൻെറ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. ഈ മേഖലയിൽ ഹൈഡ്രോഗ്രാഫിക് സർവേ നടത്തുവാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് അടുത്ത മൺസൂൺ കാലത്തിനു മുൻപേ പണി തീരത്തക്കവണ്ണം റെയിൽ ഇൻഡ്യാ ടെക്നിക്കൽ ആൻറ് എക്നോമിക്സ് സർവ്വീസ് ലിമിറേഡ് ന്യൂഡൽഹിയെ ഏൽപ്പിച്ചിട്ടുണ്ട്. ആയതിനു മൊത്തം 27 ലക്ഷം രൂപാ ചിലവു വരുമെന്നു കണക്കാക്കി. എസ്റിമേറ് കേന്ദ്രാനുവാദത്തിനായി കൊടുത്തിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കുട്ടനാട് വാട്ടർ സപ്ലൈ സ്കീം

275. [447] ഡോ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് വാട്ടർ സപ്ലൈ സ്കീമിൽപ്പെട്ട നീരേറ്റുപുറം, എടത്വ, മുട്ടാർ, രാമൻകരി, പള്ളിക്കുട്ടുമ്മ, നീലം പേരൂർ എന്നീ ഓവർ ഹെഡ് ടാങ്കുകളുടെ പണി ഏറെറടുക്കുവാനുള്ള എന്തെങ്കിലും നിർദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ;

(സി) നീരേറ്റുപുറം, കിടങ്ങറ, പള്ളിക്കുട്ടുമ്മ എന്നീ സ്ഥലങ്ങളിൽ പമ്പിംഗ് സ്റേഷനുകളും നിർമ്മിക്കുവാനുള്ള നിർദ്ദേശം എത്രത്തോളമായി ;

(ഡി) എന്നത്തേക്ക് പണി ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതിൻെറ പണി എന്നത്തേക്ക് തീർക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(എഫ്) കുട്ടനാട് വാട്ടർ സപ്ലൈ സ്കീമിൻെറ പണി എന്നാണ് ആരംഭിച്ചത് ;

(ജി) എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും?

ഉത്തരം

(എ, ബി) നീരേറ്റുപുറം, പള്ളിക്കുട്ടുമ്മ എന്നിവിടങ്ങളിൽ ഗ്രൗണ്ട് ലെവൽ ടാങ്കും എടത്വ, മുട്ടാർ, രാമൻകരി, നീലം പേരൂർ എന്നിവിടങ്ങളിൽ ഓവർ ഹെഡ് ടാങ്കുകളും പണി കഴിപ്പിക്കുവാൻ നിർദ്ദേശമുണ്ട്. എടത്വ ടാങ്കിനു വേണ്ടിയുള്ള ഫൗണ്ടേഷൻ ജോലികൾ ചെയ്തു തീർത്തിട്ടുണ്ട്. പ്രധാനമായും

LIBRARY ARCHIVES Kerala Legislative Assembly